# അക്കാദമിക മാസ്റ്റർ പ്ലാൻ

## ടി എം എച്ച് യു പി സ്കൂൾ മഞ്ചപ്ര

## ആമുഖം

വിദ്യാലയത്തിൽ വന്നുചേരുന്ന കുട്ടിക്ക് ചില അവകാശങ്ങളുണ്ട് എന്നതിൻെറ അടിസ്ഥാനത്തിലാണ് വിദ്യാലയങ്ങളിൽ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങൾ നടക്കേണ്ടത്. ഇക്കാര്യം ഉറപ്പുവരുന്നതിനാണ് വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്നത്. ഇതിൻ പ്രകാരം വിദ്യാലയപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു കുട്ടി തന്നെ. എല്ലാ തരത്തിലുള്ള വികസനങ്ങളിൽ നിന്നും ഓരോ കുട്ടിക്കും ഏതെല്ലാം തരത്തിലുള്ള നേട്ടങ്ങളാണ് എത്തിച്ചേരുന്നതെന്ന് ഉറപ്പിക്കേണ്ടിയിരിക്കുന്നു. ഓരോ കുട്ടിയുടേയും സർവതോന്മുഖമായ വികാസത്തിനുതകുന്ന രീതിയിൽ സ്കൂൾ അക്കാദമിക അന്തരീക്ഷത്തെ നിർമ്മിക്കുകയെന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്. ആയതിനാൽ താഴെ പറയുന്ന രീതിയിൽ പൊതുവായ ലക്ഷ്യങ്ങളെ രൂപീകരിക്കാം.

## പൊതുലക്ഷ്യങ്ങൾ

- വിദ്യാഭ്യാസ അവകാശ നിയമത്തിനനുസരിച്ച് സ്കൂൾ പഠനാന്തരീക്ഷത്തെ മാറ്റിയെടുക്കൽ.
- ഗുണമേന്മ വിദ്യാഭ്യാസത്തെ ക്കുറിച്ച് രക്ഷിതാക്കളിൽ നവകാഴ്ചപ്പാട് സൃഷ്ടികൾ.
- ഓരോ കുട്ടിയിലും മുഴുവൻ പഠനനേട്ടങ്ങളും കൃത്യസമയത്ത് എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കൽ.
- സാമൂഹിക സംവിധാനങ്ങളെ ,വൈദഗ്ധ്യത്തെ പഠനപ്രക്രിയയിൽ പങ്കാളിയാക്കൽ.
- മുഴുവൻ കുട്ടികൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കൽ.
- സമഗ്രവും നിരന്തരവുമായ മൂല്യനിർണ്ണയത്തിലൂടെ എല്ലാ മേഖലയിലും സ്വയം വിലയിരുത്തൽ ശക്തിപ്പെടുത്തുക.
- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- വിദ്യാർത്ഥികൾക്ക് ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- ഹരിതവിദ്യാലയത്തിൻെറ നിയമങ്ങൾ പാലിച്ചുകൊണ്ട് കുട്ടികൾക്ക് കൃഷിയിലുള്ള താല്പര്യം വർദ്ധിപ്പിക്കാനുള്ള സാഹചര്യം ഒരുക്കുന്നു.

## വിദ്യാലയചരിത്രം

പതിനെട്ടാം നൂറ്റാണ്ടിൻെറ അവസാന ദശകങ്ങൾ വരെ സംസ്കൃതം പഠിച്ച് ആ ഭാഷയിലുള്ള ജോതിഷ്യം, ആയുർവേദം എന്നീ ശാസ്ത്രങ്ങളിൽ വിജ്ഞാനം നേടുക എന്നതായിരുന്നു വിദ്യാഭ്യാസം.

18ാം നൂറ്റാണ്ടിൻെറ അവസാനത്തോടുകൂടി ബ്രിട്ടീഷുക്കാർ അവതരിപ്പിച്ച പുതിയ വിദ്യാഭ്യാസ രീതി ഇവിടെ പ്രചരിച്ചു തുടങ്ങി. പഴയ ഓത്തുപള്ളിക്കൂടത്തിൻെറ സ്ഥാനത്ത് പുതിയ സ്കൂളുകൾ നിലവിൽ വന്നു.

1890 കളിൽ നാട്ടുകല്ലിൽ ഒരു വിദ്യാലയം സ്ഥാപിതമായി. അതിന് ഇന്നത്തെ വിദ്യാലയങ്ങളുടെ രൂപവും ഭാവവും കൈവന്നത് 1900 ത്തിലാണ്. അതാണ് ഇന്നത്തെ ട്വിങ്കിൾ മെമ്മോറിയൽ ഹിന്ദു യു പി സ്കൂൾ .

പണ്ട് കാലത്ത് നിലവിൽ ഉണ്ടായിരുന്ന സമ്പ്രദായം അനുസരിച്ച് ഒരു മിഡിൽ സ്കൂൾ ആയിട്ടാണ് ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. 1963 വരെ ഡി ഇ ഒ ൻെറ കീഴിലുള്ള മിഡിൽ സ്കൂൾ ആയിരുന്നു. ആദ്യകാലത്ത് 4,5,ഫസ്റ്റ് ഫോം, സെക്കൻെറ്ഫോം, തേർഡ്ഫോം എന്നിങ്ങനെ അഞ്ച് ക്ലാസുകളായിരുന്നു ഉണ്ടായിരുന്നത്. എല്ലാ കുട്ടികൾക്കും അന്ന് ഫീസും ഉണ്ടായിരുന്നു.

നൂറ്റാണ്ടിൻെറ പ്രവർത്തന ചരിത്രമുള്ള ഈ മഹത് സ്ഥാപനം എത്രയെത്ര മഹത് വ്യക്തികളെയാണ് പുറത്തുവിട്ടിരിക്കുന്നത് എന്നറിയുമ്പോൾ ഈ നാടിനോട് ഏതെങ്കിലും തരത്തിൽ മമതയുള്ളവരുടെ ഹൃദയം അഭിമാന പൂരിതമാകും, തീർച്ച......

## വിദ്യാലയം - മികവിൻെറ കേന്ദ്രം - കാഴ്ച്ചപ്പാട്

- മുഴുവൻ വിദ്യാലയ സൗകര്യങ്ങളിലും ശിശുസൗഹൃദ ഇടപെടലുകൾ ഉണ്ടാകും.
- പാരിസ്ഥിതിക – ജൈവവൈവിദ്ധ്യ മനോഭാവങ്ങൾ ഉറപ്പിക്കുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം മാറ്റും.
- ശിശുസൗഹൃദവും ഉന്നത വൃത്തിയുള്ളതുമായ സ്കൂൾ കാമ്പസ് സജ്ജമാക്കും.
- വ്യക്തിഗത ഉത്തരവാദിത്വത്തോടെ സംരക്ഷിക്കുന്നതും ആധുനിക സൗകര്യങ്ങളുള്ളതുമായ മൂത്രപ്പുരകളും കക്കൂസുകളും ഉണ്ടാക്കും.
- വിദ്യാലയ അന്തരീക്ഷത്തെ ഉദ്യാനസമാനമാക്കും.
- ഓരോ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി സംവിധാനം ശക്തമാക്കും.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ഹെൽപ്പ് ടെസ്ക് - സംവിധാനം ഒരുക്കും.
- ദിനാചരണങ്ങൾ മുഴുവൻകുട്ടികൾക്കും പങ്കാളിത്തം ഉണ്ടാകുന്ന തരത്തിൽ അനുഭവവേദ്യമാക്കും.

- നിരന്തരവും സമഗ്രവുമായ മൂല്യനിർണയം ശക്തമാക്കുകയും പോർട്ട്ഫോളിയോ, ഡയറി എന്നിവയുടെ സാമൂഹിക ഓഡിറ്റിങ് നടത്തും.
- മുഴുവൻ ക്ലാസ്സ് മുറിയിലും സാങ്കേതികവിദ്യ ഉപയോഗിക്കും.
- മുഴുവൻ കുട്ടികളും ഇൻ്റർനെറ്റ് ഉപയോഗശേഷി കൈവരിക്കും.
- ഭാഷാ വിഷയങ്ങളിൽ കമ്മ്യൂണിക്കേറ്റീവ് അപ്രോച്ച് ഉറപ്പാക്കും.
- കലാ-കായിക ഇനങ്ങളെ നൂറുശതമാനവും പഠനവുമായി ബന്ധിപ്പിക്കും.
- നാടകസംഘം, കവിതാക്കൂട്ടം, ക്വിസ് ഗ്രൂപ്പ് തുടങ്ങിയവ രൂപീകരിക്കും.
- മുഴുവൻ കുട്ടികളും ഒരു ടാലൻ്റ് ക്ലബ്ബിലെങ്കിലും അംഗമാണെന്ന് ഉറപ്പാക്കും.
- വാർഷിക പ്രവർത്തന പദ്ധതി, പ്രതിമാസ പ്രവർത്തനകലണ്ടർ എന്നിവ രക്ഷിതാക്കൾക്ക് മുൻകൂട്ടി നൽകും.
- പഠനയാത്രകളെ - മികച്ച പഠനതന്ത്രമായി സ്വീകരിക്കും. സ്കൂൾ, ക്ലാസ്സ്, കുട്ടികൾ എന്നീഘടകങ്ങളുടെ സ്ഥിരം ശുചിത്വ പരിപാലന, മോണിറ്ററിംഗ് സംവിധാനം ഒരുക്കും.
- മാലിന്യ സംസ്കരണയജ്ഞം - പഠനപ്രവർത്തനവുമായി ബന്ധിപ്പിക്കും.
- വായന, ലേഖനം, ഗൃഹപാഠപ്രവർത്തനങ്ങൾ വേറിട്ടതും നൂതനവുമാക്കും.
- രചനാ, മാസികാ പ്രവർത്തനങ്ങൾ പഠനവുമായി നിരന്തരം ബന്ധിപ്പിക്കും.

- ഓരോ കുട്ടിക്കും സ്വതന്ത്രമായി ഇടപ്പെടുന്നതിന് സഹായിക്കുന്ന തരത്തിൽ ലൈബ്രറി രൂപീകരിക്കൽ.
- ഓരോ കുട്ടിക്കും സ്വതന്ത്രമായി ഇടപ്പെടുന്നതിന് സഹായിക്കുന്ന തരത്തിൽ ലാബ് നവീകരിക്കൽ.
- വിഷയങ്ങളുടെ ഹാർഡ് സ്പോർട്ടുകളിൽ സന്ദർശക അധ്യാപക തന്ത്രങ്ങൾ സ്വീകരിക്കും.

## അവസ്ഥാവിശകലനം

പ്രൈമറി വിഭാഗത്തിൽ നിലവിൽ 3 ഡിവിഷനുകളാണ് ഈ വിദ്യാലയത്തിലുള്ളത്. കുട്ടികൾ കുറവാണ്. പഠനപ്രക്രിയ നല്ല രീതിയിൽ നടക്കുന്നുണ്ട്.

ആകെ അദ്ധ്യാപകർ

| | | |
|---|---|---|
| എച്ച് .എം | - | 1 |
| യു പി എസ് എ | - | 1 |
| സംസ്കൃതം | - | 1 |
| ഉർദു | - | 1 |
| ഹിന്ദി | - | 1 |
| ആകെ | - | 5 |
| ഓഫീസ് അറ്റൻഡർ | - | 1 |
| പാചകക്കാർ | - | 1 |

നല്ലൊരു കളിസ്ഥലമുണ്ട്. അതിൽ വോളിബോൾ കോർട്ട് ഉണ്ട്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ടോയ്‌ലറ്റ് സംവിധാനമുണ്ട്. ലാബ് ഒരു മുറിയിൽ നല്ല രീതിയിൽ തന്നെയുണ്ട്. ലൈബ്രറി അലമാരക്കുള്ളിലേക്ക് ചുരുങ്ങിയിരിക്കുന്നു. അക്കാദമിക യോഗങ്ങൾക്കും പി ടി എ യോഗങ്ങൾക്കും ഒരു വലിയ ഹാളുണ്ട് മാത്രമല്ല കുട്ടികൾക്ക് പരിപാടികൾ നടത്താനായി സ്റ്റേജുമുണ്ട്. ഞങ്ങളുടെ കെട്ടിടം പഴയ രീതിയിലാണ് എന്നത് ഒരു ന്യൂനതായി മുന്നിൽ നിൽക്കുന്നു. ആകെ 3 ലാപ്പാണുള്ളത്, 3 എൽ സി ഡി പ്രൊജക്ടർ ഉണ്ടെങ്കിലും ഒരു ഹൈടെക് റൂമാണ് ഉള്ളത്. സ്ഥിരം സ്കൂൾ യാത്രയ്ക്കും പഠനയാത്രയ്ക്കും വാഹനമില്ലാത്തതിനാൽ മുഴുവൻ കുട്ടികൾക്കും ഒന്നിലേറെ തവണ അനുഭവം നൽകാൻ കഴിയുന്നില്ല.

## പദ്ധതി രൂപീകരണ പ്രക്രിയ

- ക്ലബ്ബ് കൺവീനർമാരുമായി അനൗദ്യോഗികമായി ആശയം ചർച്ചചെയ്തു.
- എസ്.ആർ.ജി കൺവീനറും സ്റ്റാഫും ചേർന്ന് കരടുനിർദ്ദേശം തയ്യാറാക്കി.
- നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പി ടി എ എക്സ് കമ്മറ്റിയോഗം ചർച്ച ചെയ്ത് കൂടുതൽ വ്യക്തത വരുത്തി.
- കമ്മറ്റിയിലെ ചർച്ചക്കൊടുവിൽ കൂടുതൽ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു.

നിർദ്ദേശങ്ങളെ മുൻഗണനാ ക്രമത്തിൽ ക്രമപ്പെടുത്തി തരം തിരിച്ചു.

## വിഷയമേഖല – പ്രവർത്തനങ്ങൾ

### ഹ്രസ്വകാല പദ്ധതികൾ

#### പഠനം ദിനാചരണങ്ങളിലൂടെ

മുഴുവൻ കുട്ടികൾക്കും അനുഭവമുണ്ടാകുന്ന തരത്തിൽ ദിനാചരണങ്ങളെ പാഠപുസ്തകവുമായി ബന്ധിപ്പിക്കുന്നു. ദിനാചരണനോട്ടീസ്, ദിനാചരണ വാർത്തകൾ, കുറിപ്പുകൾ എന്നിവയുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ചുമതല – ക്ലബ്ബ് കൺവീനർമാർ കാലം - 2025 ജൂൺ 2

### 1. ധാർമ്മിക മൂല്യങ്ങൾ

ആദ്യത്തെ രണ്ടാഴ്ച കുട്ടികളിൽ ധാർമ്മിക മൂല്യങ്ങൾ വളർത്തുന്നതിനായി താഴെ പറയുന്ന വിഷയങ്ങളിൽ പ്രത്യേക ബോധവത്കരണ ക്ലാസ്സുകൾ നല്കും.

- ലഹരിക്കെതിരെ
- റോഡ് സുരക്ഷ
- വ്യക്തി ശുചിത്വം
- കലാ കായികം
- ആരോഗ്യം
- ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം
- മാലിന്യ സംസ്കരണം
- പരിസ്ഥിതി സംരക്ഷണം

### 2. പ്രതിമാസ പരീക്ഷണ വേദി

എല്ലാ മാസവും നിശ്ചിത ദിവസം മുഴുവൻ കുട്ടികളും സ്വതന്ത്ര പരീക്ഷണങ്ങളിലേർപ്പെടുകയും പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.

ചുമതല - ക്ലബ്ബ് കൺവീനർ കാലം - 2025 ജൂൺ

### 3. പ്രതിമാസ നാടകവേദി

എല്ലാ മാസവും നിശ്ചിത ദിവസം മുഴുവൻ കുട്ടികളും വിവിധ അഭിനയങ്ങളിലേർപ്പെടുകയും നാടകങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

## 4. പ്രതിമാസ കവിതാവേദി

എല്ലാ മാസവും നിശ്ചിത ദിവസം മുഴുവൻ കുട്ടികളും വിവിധ കവിതാ രചനയിലേർപ്പെടുകയും കവിത രചിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.

ചുമതല - ക്ലബ്ബ് കൺവീനർ കാലം - 2025 ജൂൺ

## 5. ഐ. ടി. അനുബന്ധക്ലാസ്സുകൾ

മുഴുവൻ അദ്ധ്യാപകരും ഐ.ടി. ഉപയോഗിച്ചുള്ള ക്ലാസ്സുകൾ സ്ഥിരമായി കൈകാര്യം ചെയ്യുന്നു.

ചുമതല - ക്ലബ്ബ് കൺവീനർ ജൂൺ 10

## 6. ക്ലാസ്സ് കുട്ടി ഡോക്ടർ

രണ്ടാഴ്ചയിലൊരിക്കൽ അതാത് ക്ലാസ്സിലെ കുട്ടിഡോക്ടർ കുട്ടികളുടെ നഖം, വൃത്തി, തലമുടി എന്നീ കാര്യങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി ഹെഡ്മാസ്റ്ററെ ഏൽപ്പിക്കുന്നു.

ചുമതല - കൺവീനർ ജൂൺ

## ഭൗതികാവശ്യങ്ങൾ

നിലം ടൈൽ ഉപയോഗിച്ച ക്ലാസ്സ് റൂം വേണം. കുട്ടികൾക്ക് കുടിവെള്ളത്തിനുള്ള സംവിധാനം വേണം. സ്കൂളിൽ നിന്ന് വേറിട്ട് നല്ലൊരു അടുക്കള ആവശ്യമാണ്.

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വോളിബോൾ പഠനം | ജൂൺ 1 മുതൽ ഫെബ്രുവരി 28 വരെ | സ്കൂൾ തല സമിതികൾ | സ്പോൺസേഴ്സ് | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വോളിബോൾ പരിശീലനം ലഭ്യമാക്കുകയെന്നതാണ് ലക്ഷ്യം |
| 2 | ഹരിത വിദ്യാലയം | ജൈവ പച്ചക്കറിത്തോട്ട നിർമ്മാണം | ജൂൺ മുതൽ ഫെബ്രുവരി വരെ | സ്കൂൾ തല സമിതികൾ | കൃഷി ഭവൻ, സ്പോൺസേഴ്സ് | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം |
| 3 | സാഹിത്യ മേഖല | ലൈബ്രറി | ജൂൺ | ലൈബ്രറി | പൂർവ്വവിദ്യാർ | വായനയിൽ ഉള്ള |

| | | | | | | |
|---|---|---|---|---|---|---|
| | | നിർമ്മാണം, പുതിയ പുസ്തകങ്ങളുടെ ലഭ്യത | മുതൽ മാർച്ച് വരെ | യൻ | ത്ഥികൾ, സ്പോൺസേഴ്സ് | താല്പര്യം വർദ്ധിപ്പിക്കൽ |
| 4 | സാഹിത്യ – കല മേഖല | കഥ-കവിത-രചന ക്യാമ്പ് | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | വിദ്യാരംഗം കലാ സാഹിത്യ വേദി | അധ്യാപകർ | കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുക |
| 5 | സാമൂഹിക മേഖല | സ്കൂൾ പത്ര പ്രസിദ്ധീകരണം | 3 മാസത്തിലൊരിക്കൽ | സ്കൂൾ വിദ്യാഭ്യാസ സമിതി | അധ്യാപകർ | സ്കൂളിലെ പ്രവർത്തനങ്ങൾ സമൂഹത്തിലെത്തിക്കുക |
| 6 | ഉൾച്ചേർന്ന വിദ്യാഭ്യാസം | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടുന്ന സാഹചര്യം ഒരുക്കുക | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ വിദ്യാഭ്യാസ സമിതി | അധ്യാപകർ | എല്ലാ വിദ്യാർത്ഥികൾക്കും തുല്യത ഉറപ്പാക്കൽ |
| 7 | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം | സമ്മർ ക്യാമ്പ്, ഇംഗ്ലീഷ്, മലയാളം. ഗണിതം, സയൻസ് എന്നീ വിഷയങ്ങൾക്ക് പ്രഥമ പരിഗണന നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ | | | | |
| 8 | യു എസ് എസ് പരിശീലനം | പഠനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്കായി ഓഫ് ലൈൻ, ഓൺ ലൈൺ പരിശീലനം | ജൂൺ മുതൽ ഫെബ്രു വരെ | അദ്ധ്യാപകർ | | |
| 9 | ശ്രദ്ധ | അഞ്ചാം ക്ലാസ്സിലെ പഠന പിന്നോക്കം നില്കുന്ന കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ പ്രത്യേക പരിശീലനം | ജൂൺ മുതൽ ഫെബ്രു വരെ | അദ്ധ്യാപകർ | | |
| 10 | NAS/SAS | ആറാം ക്ലാസ്സ് | ജൂൺ | അദ്ധ്യാപ | | |

| | | | | | | |
|---|---|---|---|---|---|---|
| | | വിദ്യാർത്ഥികൾക്ക് മലയാളം, സയൻസ്, സോഷ്യൽ, ഗണിതം എന്നീ വിഷയങ്ങളിൽ പ്രത്യേക പരിശീലനവും മോക്ക് ടെസ്റ്റും | മുതൽ ഫെബ്രു വരെ | കർ | | |